# Sixth India-Nepal Joint Commission Meeting

January 15, 2021

---

## ആറാമത് ഇന്ത്യ നേപ്പാൾ ജോയിന്റ് കമ്മീഷൻ മീറ്റിംഗ്

ജനുവരി 15, 2021

2021 ജനുവരി 15 നു ന്യൂ ഡൽഹിയിൽ വച്ച നടന്ന ഇന്ത്യ -നേപ്പാൾ ജോയിന്റ് കമ്മീഷന്റെ ആറാമത് മീറ്റിംഗിൽ വിദേശകാര്യാമന്ത്രി ഡോ. എസ് ജയശങ്കറും നേപ്പാൾ വിദേശകാര്യ വകുപ്പ് മന്ത്രി പ്രദീപ് കുമാർ ഗ്യാവലിയും ചേർന്ന് അധ്യക്ഷത വഹിച്ചു. ഇന്ത്യൻ ഫോറിൻ സെക്രട്ടറി ശ്രീ ഹർഷ് വർധന ശൃംഗള , നേപ്പാൾ ഫോറിൻ സെക്രട്ടറി ഭാരത് രാജ് പൗഡയാൽ കൂടാതെ മറ്റു ഉന്നതതല ഉദ്യോഗസ്ഥർ എന്നിവർ ഇരു വിഭാഗങ്ങളിലുമായി ചർച്ചയിൽ പങ്കെടുത്തു.

ഇരു രാജ്യങ്ങളും തമ്മിൽ വിവിധ മേഖലകളിലുള്ള സഹകരണത്തിന്റെ വിവിധ വശങ്ങൾ ജോയിന്റ് കമ്മീഷൻ സമഗ്രമായി അവലോകനം ചെയ്തു കൂടാതെ പരമ്പരാഗതമായി അടുത്ത, സൗഹാർദപരമായ ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനുള്ള വഴികളും അവർ ചർച്ച ചെയ്യുകയുണ്ടായി. കണക്ടിവിറ്റി, സാമ്പത്തികവും വ്യപാരവും, പവർ, ഓയിൽ, ഗ്യാസ്, ജല സ്ത്രോതസ്സുകൾ, രാഷ്ട്രീയ സുരക്ഷാ പ്രശ്നങ്ങൾ, ടൂറിസം , സാംസ്കാരികം, വിദ്യാഭ്യാസവും വിഭവ ശേഷി വികസനവും എന്നിങ്ങനെ സഹകരണപ്രവർത്തനങ്ങളുടെ വിവിധ മേഖലകളെക്കുറിച്ച് ഇരു വിഭാഗങ്ങളും ചർച്ച ചെയ്തു. ജോയിന്റ് കമ്മീഷന്റെ കഴിഞ്ഞ മീറ്റിംഗ് മുതൽ വിവിധ ഉഭയകക്ഷി സംരംഭങ്ങളിൽ ഉണ്ടായ ദൃഢവും ഗണ്യവുമായ പുരോഗതി അംഗീകരിക്കുകയും ചെയ്തു.

പ്രവിശ്യയിൽ കോവിഡ് -19 നെ പ്രതിരോധിക്കാൻ ഇരു വിഭാഗങ്ങളും തമ്മിലുള്ള സഹകരണവും ശ്രദ്ധേയമായി. കോവിഡ്-ഷീൽഡ് , കോവാക്സിൻ എന്നീ വാക്സിനുകളുടെ ഉല്പാദനത്തിൽ നേപ്പാൾ ഇന്ത്യ അഭിനന്ദിക്കുകയും വാകിസിനുകൾ നേപ്പാളിലേക്ക് എത്തിക്കുന്നതിന് സഹായം ആവശ്യപ്പെടുകയും ചെയ്തു.

മോത്തിഹാരി- അമേലേഖാൻജ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ പൈപ്പ്ലൈനിൽ നേടിയെടുത്ത വികസനത്തെക്കുറിച്ചു് ഇരു വിഭാഗങ്ങളും ചർച്ച ചെയ്യുകയും, ഈ പൈപ്പ്ലൈൻ ചിറ്റ്വാനിലേക്ക് വികസിപ്പിക്കുന്നതിനും , കിഴക്കൻ ഭാഗത്ത് സിലിഗുരി മുതൽ നേപ്പാളിലെ ജപ വരെ ബന്ധിപ്പിക്കുന്ന പുതിയ പൈപ്പ്ലൻ സ്ഥാപിക്കുന്നതിനും സംബന്ധിച്ചുള്ള ചർച്ചകൾ നടത്തുകയും ചെയ്തു.

ഇന്ത്യയും നേപ്പാളും തമ്മിൽ ജയനഗറിൽ നിന്നും കുർത്ത വഴി ജനക്പുരിലേക്ക് അതെന്ന ആദ്യ പാസഞ്ചർ റെയിൽവേ ലൈനിന്റെ പ്രവർത്തനനം പൂർത്തിയായതിനെ ഇരു വിഭാഗങ്ങളും സ്വാഗതം ചെയ്തു കൂടാതെ ട്രെയിൻ സേവനങ്ങൾ തുടങ്ങുന്ന പ്രവർത്തനങ്ങൾ തീരുമാനിച്ചുറപ്പിക്കുകയും ചെയ്തു. റക്സ്യൂൾ- കാഠ്മണ്ഡു ബോർഡ് ഗോജ് റെയിൽ വേ ലെയിൻ ഉൾപ്പടെ സാധ്യമായ ക്രോസ് ബോർഡർ റെയിൽ കണക്റ്റിവി പ്രോജക്ടുകളും അവർ ചർച്ച ചെയ്തു.

ആളുകൾക്കും , ചരക്കുകൾക്കും അതിർത്തികൾക്കിടയിലൂടെയുള്ള ഗതാഗതം സൗകര്യപ്പെടുത്തേണ്ടതിന്റെ ആവശ്യകത ജോയിന്റ് കമ്മീഷൻ ഊന്നി പറഞ്ഞു. അടുത്തിടെ ബിർജുൻജ്, ബിരട്നഗർ എന്നിവിടങ്ങളിൽ തുടങ്ങിയ ചെക്ക് പോസ്റ്റുകൾ ഗതാഗതത്തെയും വ്യാപാരത്തെയും വളരെയധികം സഹായിച്ചുവെന്നും അവർ നിരീക്ഷിച്ചു. നേപാൽഗഞ്ചിലെ മൂന്നാമത് ICP യുടെ നിർമാണത്തെ ഇരു വിഭാഗങ്ങളും സ്വാഗതം ചെയ്തു. ഭൈരവയിലെ പുതിയ ICP യുടെ നിർമാണം പെട്ടന്ന് തന്നെ തുടങ്ങുമെന്നും ഇന്ത്യ അറിയിച്ചു. ഇരു രാജ്യങ്ങളിലെ ജനങ്ങൾക്കും വളരെയധികം ഉപകാരപ്രദമാകുന്ന, നിലവിൽ നിര്ദേശിക്കപ്പെട്ടിട്ടുള്ള പഞ്ചേശ്വർ മൾട്ടി പർപ്പസ് പ്രോജക്ട് ഉൾപ്പടെ സംയുക്തമായ ജലവൈദ്യൂത പദ്ധതികൾ തുടങ്ങുന്നതിനും ചർച്ചകൾ നടന്നു.

ഇന്ത്യൻ സഹായത്തോടെ നേപ്പാളിൽ പശുപതിനാഥ് നദീതട വികസന പദ്ധതി കൂടാതെ പാടാൻ ദർബാറിൽ ഭക്രാനംഗൽ പുന്തോട്ടത്തിന്റെ പുനർനവീകരണംഎന്നിവയുൾപ്പെടെ രണ്ടു സാംസ്കാരിക പ്രോജക്ടുകൾ കൂടി നടത്തുമെന്ന് ഇന്ത്യ പ്രഖ്യാപിച്ചു.
അന്തര്ദേശീയവും പ്രാദേശികവും പ്രവിശ്യപരവുമായ സഹകരണത്തെക്കുറിച്ചു ഇരു ഭാഗത്തെ കാഴ്ചപ്പാടുകളും പങ്കുവയ്ക്കപ്പെട്ടു. അധികാര വികേന്ദ്രീകൃതത്വത്തിന്റെ മാറ്റം പ്രതിഫലിപ്പിക്കുന്നതിനായി വിപുലീകരിച്ച ഐക്യരാഷ്ട്ര സഭ സുരക്ഷാ കൗൺസലിൽ ഇന്ത്യയുടെ സ്ഥിര അംഗത്വത്തിനായി നേപ്പാൾ പിന്തുണ പ്രഖ്യാപിച്ചു.

ഇരു വിഭാഗങ്ങൾക്കും സമ്മതമായ തിയ്യതിയിൽ ജോയിന്റ് കമ്മീഷന്റെ അടുത്ത മീറ്റിംഗ് നടത്തുന്നതിനും അവർ തീരുമാനിച്ചു.

**ന്യൂ ഡൽഹി**
**15 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.